പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 641 | 30.06.2016-ൽ മറുപടിക്ക്.

## സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എം.മണി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം സർക്കാർ നിശ്ചയിച്ച നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ തസ്തികയുടെ പേരും ഓരോ തസ്തികയിലും നൽകേണ്ട മിനിമം വേതനവും സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) ഉണ്ട്. 05.11.2013-ലെ സ.ഉ. (എം.എസ്) നമ്പർ 135/2013/തൊഴിൽ പ്രകാരം സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 27 പേജുകളുള്ള പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ ടി തൊഴിൽ മേഖലയിലെ വിവിധ തസ്തികകളും അവയ്ക്ക് നിശ്ചയിച്ചിട്ടുള്ള വേതന നിരക്കുകളും സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്തുത വിജ്ഞാപനം തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുള്ളത് ദയവായി കാണാവുന്നതാണ്. |
| (ബി) മാസവേതനം ഒറ്റത്തവണയായി നൽകാതെ രണ്ടും മൂന്നും ഘട്ടങ്ങളായി നൽകുന്നത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) മാസവേതനം രണ്ടും മൂന്നും ഘട്ടങ്ങളായി നൽകുന്നത് സംബന്ധിച്ച് പരാതി എന്തെങ്കിലും ലഭ്യമാകുന്ന പക്ഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ജീവനക്കാരുടെ വേതനം ബാങ്ക് അക്കൗണ്ട് മുഖേന വിതരണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഇത് പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിന് 'വേതന സുരക്ഷാ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്. ഇത് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റുള്ള ജില്ലകളിൽ വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്ന |

തിനുള്ള നടപടി നടന്നു വരുന്നു. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ സ്ഥാപന പരിശോധന നടത്തുമ്പോഴും സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും ഇത് പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ നിയമം അനുശാസിക്കുന്ന വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും വേജ് സ്ലിപ് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ കഴിയുന്നുണ്ട്.

സെക്ഷൻ ഓഫീസർ